(2) ഇലക്ട്രിസിറ്റി ബോർഡ് അനുവർത്തിച്ചുവരുന്ന നയം മൂലം ഗാർഹിക ഉപഭോക്താക്കളും വ്യവസായ സംരംഭകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. മുഹമ്മദാലി : സർ,ഇലക്ട്രിസിറ്റിബോർഡ് അനുവർത്തിച്ചു വരുന്ന നയം മൂലം സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരും ഗാർഹിക ഉപഭോക്താക്കളും ഇന്ന് നട്ടം തിരിയുകയാണ്. ഈ സഭയിൽ ഈ പ്രശ്നം ആവർത്തിച്ചാവർത്തിച്ച് അവതരിപ്പിച്ചിട്ടുള്ളകാര്യമാണ്. ഗാർഹിക ഉപഭോക്താക്കൾക്കും ലോ ടെൻഷൻ ഉപഭോക്താക്കളായ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും വരുത്തിയ വർദ്ധനവ് ഉപേക്ഷിക്കുവാൻ ആഗസ്റ്റ് 21-ാം തീയതി കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. നിർഭാഗ്യവശാൽ ബോർഡിന് ഇത് ബാധകമല്ലായെന്നുള്ള നിലയിലാണ് അവർ ഈ പ്രശ്നത്തെ സമീപിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം വ്യവസായ സ്ഥാപനവുമായി മുന്നോട്ടുപോകാൻ പറ്റാത്ത രീതികേടിലാണ് നിൽക്കുന്നത്. എത്രയുംവേഗം ഈ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ട നിലയിൽ എത്തിയിരിക്കുകയാണ്. സ്വയം തൊഴിലില്ലായ്മ പദ്ധതിയനുസരിച്ച് വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന സഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തിവരുന്ന വ്യവസായ സ്ഥാപനങ്ങൾവരെ വളരെ പ്രയാസകരമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിലൂടെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ് വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഇന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ് ഗാർഹിക ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും അതുപോലെതന്നെ ചെറുകിട വ്യവസായങ്ങളിലെ പുതിയ കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ വാങ്ങിക്കുകയില്ല എന്ന്. കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നതിനുള്ള തീരുമാനം ഉപേക്ഷിച്ചിരിക്കുന്നു എന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇന്നും ഇലക്ട്രിസിറ്റി ബോർഡ് കോൺട്രിബ്യൂഷൻ നൽകാതെ കണക്ഷൻ നൽകുകയില്ല എന്ന നിലപാടിലാണ് നിൽക്കുന്നത്. നൽകുകയില്ലാ എന്ന് രേഖാമൂലം പറയുന്നില്ല. എങ്കിലും ' ഇലക്ട്രിസിറ്റി ബോർഡിന്റെ തിരുവനന്തപുരത്തെ ഓഫീസിൽനിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ടെലിഫോണിലൂടെ വിളിച്ചു കോൺട്രിബ്യൂഷൻ വാങ്ങിമാത്രമേ കണക്ഷൻ കൊടുക്കേണ്ടതുള്ളു എന്ന് പല സന്ദർഭങ്ങളിലും നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇപ്പോഴും തന്നെ 1-10-1986 മുതൽ പുതിയ യാതൊരു കണക്ഷനും നൽകേണ്ടതില്ല എന്ന് സർക്കുലർ മുഖേന ഇലക്ട്രിസിറ്റിബോർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾക്കുവേണ്ടിയും അതുപോലെ തന്നെ ഗാർഹിക കണക്ഷനുകൾക്കുവേണ്ടിയും അപേക്ഷിച്ചിരുന്ന സാധാരണക്കാരായ ജനങ്ങൾ വിവരണാതീതമായ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഈ നടപടി, ഈ നീക്കം സംസ്ഥാനത്തിന്റെ ഉത്തമമായ താൽപര്യത്തിന് ഹാനികരമാണ്. വ്യവസായ വൽക്കരണത്തിന് ഹാനികരമാണ്. ജനങ്ങളുടെ പ്രയാസങ്ങൾ വർദ്ധിപ്പിക്കുകയേയുള്ളു എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇത് പറയാൻ കാരണം ഇന്ന് ഹരിജൻ കോളനികളിലേക്കുള്ള കണക്ഷൻവരെ ഈ പുതിയ നിർദ്ദേശങ്ങൾ മൂലം കൊടുക്കാൻ പറ്റാത്ത സ്ഥിതിയിലാണുനിൽക്കുന്നത്, ഗവൺമെൻറ് എടുക്കുന്ന തീരുമാനങ്ങൾ, മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബാധകമല്ലെന്നു ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചിരിക്കുന്ന ഈ സമീപനം പുനഃപരിശോധിക്കാൻ ബന്ധപ്പെട്ട ഇലക്ട്രിസിറ്റിബോർഡിന്റെ ചുമതല വഹിക്കുന്ന മന്ത്രിയും അതുപോലെതന്നെ ബോർഡും തയ്യാറാകണം. ഇതിൽ ഗവൺമെന്റ് പറയുന്ന കാര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള ഒരു മനോഭാവം ഇലക്ട്രിസിറ്റി ബോർഡുപോലുള്ള ഒരു സ്ഥാപനം അതിനനുസരിച്ച് നിലകൊള്ളുന്നില്ല എന്നു പറയുന്നത് നിർഭാഗ്യകരമാണ്. ഇത് സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. ഇത് പുനഃപരിശോധിക്കണം. ഈ സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളും നടന്നുപോകാനും അതുപോലെതന്നെ സാധാരണക്കാരായ ജനങ്ങൾക്ക് കണക്ഷൻ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കാനും അടിയന്തിരമായി ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ശരിയല്ല എന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഈ സാമ്പത്തികവർഷം ആരംഭിച്ചതിനു ശേഷം വിദ്യുച്ഛക്തിബോർഡ് അതിന്റെ പ്രവർത്തനങ്ങളും വഴി കഴിഞ്ഞ ഏതു വർഷത്തേക്കാളും കഴിഞ്ഞ 6 മാസം വളരെ കൂടുതൽ കണക്ഷനുകളും കൊടുത്തു എന്നാണ് ഗവൺമെന്റിനു ലഭിച്ച യാഥാർത്ഥ്യമായ റിപ്പോർട്ട്. ഈ കഴിഞ്ഞ ആറു മാസംകൊണ്ട് 81,000 കണക്ഷനുകളും വിദ്യുച്ഛക്തിബോർഡ് കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഒരുലക്ഷത്തിൽ താഴെ മാത്രം ഈ വർഷം വൈദ്യുതികണക്ഷൻ നൽകണമെന്ന് ടാർജറ്റ് നിശ്ചയിക്കുകയും, 15 കോടി രൂപ ചെലവാക്കുന്നതിനുവേണ്ടി പ്ലാൻ ഇനത്തിൽ പണം നീക്കിവയ്ക്കുകയും ചെയ്ത വിദ്യുച്ഛക്തി ബോർഡിന് 81,000 കണക്ഷനുകളും ഈ 9 മാസം അവസാനിക്കുന്നതോടുകൂടി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സെപ്റ്റംബർ മാസം അവസാനിക്കുന്നതോടുകൂടി പുതിയതായി 81,000 ഗാർഹിക കണക്ഷനുകളും കൊടുത്തു കഴിഞ്ഞു. മൊത്തം ഒരു ലക്ഷമാണ്. ഇനി 6 മാസം ശേഷിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റിബോർഡിനു മൊത്തം ചെലവാക്കാൻ ഈ വർഷം പ്രസരണ വിതരണ രംഗങ്ങളിൽ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത് 15 കോടി രൂപയാണ്. 15 കോടി രൂപയിൽ നാലരക്കോടി രൂപ ഹരിജൻ ഗിരിജൻ മേഖലകളിൽ ലൈനുകളും വലിക്കുന്നതിനും ജനറൽ സെക്ടർ സ്കീമിൽ ചെലവാക്കുന്നതിനുമാണ്. ശേഷിക്കുന്നത് പത്തര കോടി രൂപയിൽ ചിലപ്പോൾ പത്തര കോടി രൂപയിൽ ഒൻപതു കോടി ഇരുപതുലക്ഷം രൂപ ഇതിനകംതന്നെ ചെലവഴിച്ചു കഴിഞ്ഞു. പത്തര കോടി രൂപയിൽ ഒൻപതുകോടി ഇരുപതുലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞാൽ ഇനി ശേഷിക്കുന്ന 6 മാസം കൊണ്ട് ചെലവഴിക്കാൻ ബഡ്ജറ്റ് പ്രകാരം ശേഷിക്കുന്നത് ഏതാണ്ട് ഒരു കോടി മുപ്പതുലക്ഷം രൂപ മാത്രമാണ്.

എങ്കിലും വിദ്യുച്ഛക്തിബോർഡിന്റെ ഇക്കൊല്ലത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളും ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ട്. സർ, ജനറേഷൻ കുറഞ്ഞു. ജലം വളരെ കുറവാണ്. ഇപ്പോൾ കഴിഞ്ഞ കൊല്ലമുണ്ടായിരുന്നതിനേക്കാൾ 500 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള വെള്ളം ഇന്ന് നമ്മുടെ ഡാമുകളിൽ കുറവാണ്. ഉൽപാദനം വർദ്ധിപ്പിക്കേണ്ട സാഹചര്യത്തിൽ പുതിയ കണക്ഷനുകളും കൊടുത്തിട്ടും നമുക്ക് കൂടുതൽ ജനറേഷൻ ആവശ്യമായിരിക്കുന്നു. ഇന്ന് വിദ്യുച്ഛക്തി ബോർഡിന്റെ വരുമാനം യഥാർത്ഥത്തിൽ കഴിഞ്ഞവർഷത്തെക്കാൾ പ്രതിമാസം രണ്ടുമൂന്നു കോടി രൂപവീതം കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

യിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. എങ്കിലും ഈ പതിനഞ്ചു കോടി രൂപയിൽ ഒൻപതു കോടി ഇരുപതുലക്ഷം രൂപയും ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. നാലരക്കോടി മറ്റാവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയാണ്, വോൾട്ടേജ് ഇംപ്രൂവ്മെൻറിനുവേണ്ടി പുതിയ ലൈനുകൾ വലിക്കുന്നതിനും കണക്ഷനുകൾ കൊടുക്കുന്നതുൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങൾക്കുമാണ് ഈ പണം വിദ്യുച്ഛക്തിബോർഡ് ചെലവഴിക്കുന്നത്. ഇതിൽ കൂടുതൽ ചെലവഴിക്കാൻ പ്ലാനിംഗ് കമ്മിഷനും പ്ലാനിംഗ് ബോർഡും സംസ്ഥാനഗവൺമെൻറും അവരെ ഇതുവരെ അനുവദിച്ചിട്ടില്ല എങ്കിലും അടുത്തമാസം 30-നു മുൻപ് പുതിയ അൻപതിനായിരം കണക്ഷനുകൾ കൊടുക്കാനും മാർച്ചു മാസത്തിനു മുൻപ് വീണ്ടും അൻപതിനായിരം കണക്ഷനുകൾകൂടി കൊടുക്കാനും അങ്ങനെ രണ്ടുലക്ഷം കണക്ഷനുകൾ ഈ വർഷം കൊടുക്കാൻ വിദ്യുച്ഛക്തിബോർഡിനോട് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, വിദ്യുച്ഛക്തിബോർഡിന് സാമ്പത്തികമായി കഴിവില്ലാത്തതുകൊണ്ട് ഈ കണക്ഷനുകൾ കൊടുക്കാനുള്ള ചെലവുകൾ ഗവൺമെൻറ് വഹിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. അല്ലാതെ വേറെ മാർഗ്ഗമില്ല. ഈ പണം ഗവൺമെൻറിനോട് വിദ്യുച്ഛക്തിബോർഡ് ആവശ്യപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. മുപ്പതുകോടി രൂപ ഈ ആവശ്യത്തിനുവേണ്ടി വരുമെന്നാണ് വിദ്യുച്ഛക്തി ബോർഡിൻെറ കണക്ക്. സർ, പണമുണ്ടെങ്കിൽ ചോദിക്കുന്ന എല്ലാ കാര്യങ്ങൾക്കും കണക്ഷൻ കൊടുക്കാൻ ബുദ്ധിമുട്ടില്ല. പക്ഷെ ബോർഡിൻെറ ധനാഗമമാർഗ്ഗങ്ങൾ വച്ചുകൊണ്ട് ബോർഡിനു ഗവൺമെൻറ് അംഗീകരിച്ചുകൊടുത്ത കണക്കുകളുടെ അടിസ്ഥാനത്തിൽ പതിനഞ്ചു കോടിയേ അവർക്ക് മൊത്തം ചെലവാക്കാനുള്ളൂ. മുപ്പതുകോടി രൂപ കൂടി ഉണ്ടെങ്കിലേ ഇന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഒരുലക്ഷത്തിഇരുപതിനായിരം ആളുകൾക്ക്, എല്ലാ തരത്തിലുമുള്ളവർക്ക് കണക്ഷൻ കൊടുക്കാൻ കഴിയൂ. അപ്പോൾ ടാർജറ് ഇന്നുതന്നെ എക്സീഡ് ചെയ്തു കഴിഞ്ഞിരിക്കുന്നു. ഒരു കൊല്ലം കൊണ്ട് ഒരു ലക്ഷം കണക്ഷനുകൾ കൊടുക്കേണ്ടതിൽ 6 മാസം കൊണ്ട് 81000 കണക്ഷനുകൾ; അതുപോലെതന്നെ പമ്പുസെറ്റുകൾക്കുള്ള കണക്ഷൻ, വ്യവസായ ഉപഭോക്താക്കൾക്കുള്ള കണക്ഷൻ എല്ലാ കൊടുത്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ ടാർജറ് അച്ചീവ് ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്നുള്ള തരത്തിൽ വിദ്യുച്ഛക്തി ബോർഡിനെ കുറ്റപ്പെടുത്താൻ സാദ്ധ്യമല്ല.

മറെറാന്ന് കഴിഞ്ഞ മാസത്തിൽ ഓണത്തിനുമുൻപ് ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കാൻ ഗവൺമെൻറ് ബോർഡിനോട് ആവശ്യപ്പെട്ടതിൻെറ ഫലമായി നാൽപത്തയ്യായിരത്തിലധികം കണക്ഷനുകൾ ഒരു മാസം കൊണ്ട് അവർ കൊടുത്തു. ഓണത്തിനുമുൻപ് കൊടുക്കാൻ പറഞ്ഞതനുസരിച്ചാണ്. വളരെ കൂടുതൽ കണക്ഷൻ ഓണത്തിനുമുൻപുതന്നെ കൊടുത്തത്. പക്ഷെ അതു കൊടുത്തു കഴിഞ്ഞപ്പോൾ വിദ്യുച്ഛക്തി ബോർഡിൻെറ പക്കൽ യാതൊരു സാധനവും സ്റേറാക്കില്ലാത്ത സ്ഥിതി വന്നു. അങ്ങനെ വന്നപ്പോൾ ഇനി സാധനങ്ങൾ ശേഖരിച്ചുകൊണ്ട് ഡിസംബറിനുമുൻപ് 50,000 കണക്ഷനുകൾ കൂടി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

സർ, ഇവിടെ കൺസ്യൂമർ കോൺട്രിബ്യൂഷൻെറ കാര്യം പറഞ്ഞു. കൺസ്യൂമർ കോൺട്രിബ്യൂഷനുവേണ്ടി ആരും നിർബന്ധിക്കാറില്ല. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ കോൺട്രിബ്യൂഷൻ കൊടുത്തു അപേക്ഷ കൊടുക്കുന്ന ആളുകൾക്ക് കണക്ഷൻ കൊടുക്കാൻ ബോർഡ് നിർബന്ധിതമാണ്. അതാണ് സ്ഥിതി. കൺസ്യൂമർ കോൺ

LIBRARY ARCHIVES Kerala Legislative Assembly

ട്രിബ്യൂഷനിൽ അല്ല നാല്പത്തയ്യായിരം കണക്ഷനുകൾ കഴിഞ്ഞമാസം കൊടുത്തത്. പ്രയോറിറ്റി അനുസരിച്ച് നാല്പത്തയ്യായിരം കണക്ഷൻ കൊടുക്കുകയായിരുന്നു. അതിനൊന്നു കൺസ്യൂമർ കോൺട്രിബ്യൂഷനില്ല. തെറ്റിദ്ധരിപ്പിക്കത്തക്കരീതിയിലാണ് പലരും പറയുന്നത്. അത് ശരിയല്ല. എന്നാൽ ഇന്നിപ്പോൾ കണക്ഷൻ വേണമെങ്കിൽ, തൽക്കാലം മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടും, അടുത്ത തീവ്രയത്ന പരിപാടിയിലേക്ക് പോകുന്നതു കൊണ്ടും കൺസ്യൂമർ . കോൺട്രിബ്യൂഷൻ കൊടുക്കാൻ തയ്യാറായി വരുന്ന വർക്ക് കണക്ഷൻ കൊടുത്തെ കഴിയൂ എന്നുള്ള നിലയിൽ കണക്ഷൻ കൊടുക്കുന്നുണ്ട്. അത് വളരെ കുറച്ചുമാത്രമെ വരുന്നുള്ളൂ. ആളുകൾ കോൺട്രിബ്യൂഷൻ കൊടുക്കാൻ അധികം തയ്യാറാകുന്നില്ല. അതുകൊണ്ട് ടാർജറ്റ് അച്ചീവ് ചെയ്തില്ല എന്നു പറയുന്നത് ശരിയല്ല. കണക്ഷൻ കുറച്ചുയെന്നു പറയുന്നതും ശരിയല്ല. കണക്ഷൻ ടാർജറ്റിന്റെ ഇരട്ടി കൊടുത്തിട്ടുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ചു മാത്രമെ ഇത് കൊടുക്കാൻ കഴിയൂ. എന്നുള്ളതാണ് പ്രശ്നം. ഇതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷെ ഗവൺമെന്റ് പറയുന്നതൊന്നും ബോർഡ് കേൾക്കുന്നില്ലെന്നു പറയുന്നതു ശരിയല്ല. ഗവൺമെന്റ് പറയുന്നതാണ് ബോർഡ് കേൾക്കുന്നത്. ഗവൺമെന്റ് കൊടുക്കുന്ന നിർദ്ദേശങ്ങൾ ബോർഡ് അനുസരിക്കുന്നില്ലെന്ന് പറയുന്നതും ശരിയല്ല. എന്നാൽ അവരുടെ സാമ്പത്തികസ്ഥിതിയനുസരിച്ചുമാത്രമെ ഇക്കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. അതുകൊണ്ട് ഗവൺമെന്റ് ആവശ്യത്തിനുള്ള പണം അനുവദിക്കണം. സർ, ഇപ്പോൾ എല്ലാ കാര്യങ്ങളിലും നമ്മുടെ പ്രശ്നം തീരുന്നില്ല പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്ന കാര്യങ്ങളുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ബോർഡിനെ സഹായിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏതായാലും ഈ സംസ്ഥാനത്ത് ഇക്കൊല്ലം പ്ലാനിൽ വച്ചിരുന്നതിലും ഇരട്ടി കണക്ഷൻ കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഡിസംബറിനുമുമ്പ് നാലിൽ മൂന്നും, മാർച്ചിനു മുൻപായി 100 ശതമാനവും കൊടുത്തു തീർക്കുമെന്ന് ഞാൻ ഉറപ്പുതരികയാണ്.

ശ്രീ. കെ. മുഹമ്മദാലി : സർ, കണക്ഷൻ കൊടുത്തുവെന്ന് പറയുന്നത് തന്നെ മൊത്തത്തിൽ ഈ സംസ്ഥാനത്തെ കാണാതെയാണ്. മെറ്റീരിയൽസ് ചില പ്രത്യേക മേഖലകളിൽ മാത്രം കൊടുത്തു. അങ്ങനെ ചില പ്രത്യേക മേഖലകളിൽ മാത്രം കണക്ഷൻ കൊടുക്കാനുള്ള നടപടിയുണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഒരു ചോക്കുപോലുമില്ലാത്തതുകൊണ്ട് നമ്മുടെ നാട്ടിൽ സ്റ്റാറ്റിറ്റ് ലൈറ്റുകൾ പോലും കത്തുന്നില്ല. ഒരു ചോക്കു വേണമെങ്കിൽ തിരുവനന്തപുരത്തുള്ള ഇലക്ട്രിസിറ്റി ബോർഡ് ആഫീസിൽ വരണമെന്നാണ് പറയുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ, അതു ശരിയല്ല. അങ്ങനെയല്ല കൊടുത്തത്. ഒരു ഡിവിഷനിൽ ആയിരം കണക്ഷൻ എന്നുള്ള നിലയിൽ 45 ഡിവിഷനുകളിൽ 45000 കണക്ഷനുകൾ എന്നു ഡിവൈഡ് ചെയ്താണ് കൊടുത്തത്. അല്ലാതെ എവിടെയെങ്കിലുമല്ല. ഇപ്പോൾ ഒരു ഡിവിഷനിൽ ആയിരം കണക്ഷൻ എന്നാണ് ടാർജറ്റ് കൊടുത്തിരിക്കുന്നത്. ഇനിയും ആ ടാർജറ്റാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly